## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6515** | **03.04.2018-ൽ മറുപടിക്ക്**

## പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം ശമ്പളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം ശമ്പളം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) ഇല്ല. അദ്ധ്യാപകർ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 2 (i) പ്രകാരം തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ടി ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ വിഭാഗക്കാർക്ക് ക്ഷേമനിധി, ഇ.പി.എഫ്, ഇ.എസ്.ഐ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ? | (ബി) വിവിധ ക്ഷേമ പദ്ധതി നിയമങ്ങളിലെ തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ അദ്ധ്യാപകർ ഉൾപ്പെടാത്തതിനാൽ ക്ഷേമനിധി രൂപീകരിച്ചിട്ടില്ല. ഇരുപതിൽപ്പരം ജീവനക്കാർ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവർക്ക് ഇ.പി.എഫ്.നും അൺ എയിഡഡ് സ്കൂളുകളിൽ പത്തോ അതിലധികമോ ജീവനക്കാരുണ്ടെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യത്തിനും അർഹതയുണ്ടാകുന്നതാണ്. 08.10.2007-ലെ സ.ഉ.(പി)നമ്പർ 135/2007/LBR പ്രകാരം അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ മൊത്തം ശമ്പളം 21,000/- രൂപയിൽ കൂടുതലായാൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ.